(എ) കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇറിഗേഷൻ സ്പ്രേണ്ടിംഗ് എൻജിനീയറുടെ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എക്സി. എൻജിനീയറുടെ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് 1-2-2010-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) 10/2010/ഡബ്ല്യൂ.ആർ.ഡി.നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത അപേക്ഷയിന്മേൽ ചീഫ് എൻജിനീയറുടെ (ജലസേചനവും ഭരണവും) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം നിവേദനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എല്ലാം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

ദേശീയ ജലപാത വികസന പദ്ധതി

54 (2152) ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ ജലപാതവികസന പദ്ധതി ഏത് ഘട്ടം വരെയായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്ര സർക്കാർ വിഹിതം എത്ര ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിലേക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; 2011-12 സാമ്പത്തിക ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുമോ ;

(സി) എന്തൊക്കെ അടിസ്ഥാന-അനുബന്ധ വികസനമാണ് ദേശീയ ജലപാത വികസനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(ഡി) പദ്ധതി മുന്നോട്ട് നീങ്ങുന്നില്ലായെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ കർശന നിർദ്ദേശം നൽകുമോ ;

(ഇ) എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഇ) വിവരംശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly